# KERALA STATE CONSTRUCTION CORPORATION LIMITED

(A Government of Kerala Undertaking)

CIN:U45201KL1975SGC002681 (GST No: 32AABCK1314K1Z0)

No./E1/Vehicle-2015/Vol-A/ 1640 17.5.2022

**ലേല പരസ്യം**

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 2000 മോഡൽ അംബാസഡർ കാർ സ്ക്രാപ്പായി വിൽക്കാൻ നിശ്ചയിച്ചിട്ടുള്ളതാണെന്ന് കാണിച്ച് കെ.എസ്.സി.സി സെക്രട്ടറി പുറപ്പെടുവിക്കുന്നത്.

എറണാകുളം ജില്ലയിൽ വൈറ്റിലയിലുള്ള കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ഭരണവിഭാഗം ഓഫീസ് പരിസരത്ത് സ്ക്രാപ്പ് ആയി നിറുത്തിയിട്ടിരിക്കുന്ന വാഹനം വിൽക്കുന്നതിന്റെ ഭാഗമായി 2022 ജൂൺ മാസം 22-ാം തീയതി ബുധനാഴ്ച വൈറ്റിലയിലുള്ള കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ഭരണവിഭാഗം ഓഫീസ് പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് ഓഫീസ് സമയത്ത് പ്രസ്തുത വാഹനം പരിശോധിക്കാവുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് രാവിലെ 10 മണിക്ക് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് മുമ്പ് 1000/- രൂപ നിരതദ്രവ്യം ഓഫീസിൽ അടച്ച് ടോക്കൺ എടുക്കേണ്ടതുമാണ്. അതിനുശേഷം ലേല ദർഘാസ് ഓഫീസിൽ ഏൽപിക്കേണ്ടതാണ്. സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലക്ക് മുകളിൽ ലേലം എത്താതിരുന്നാൽ ലേലം റദ്ദാക്കുന്നതാണ്.

ലേലം കൊണ്ടയാൾ ഉടൻതന്നെ ലേലതുക മുഴുവനുമോ പകുതിയോ അടയ്ക്കേണ്ടതാണ്. ലേലത്തിന് ശേഷം 7 ദിവസത്തിനകം വാഹനം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതാണ്. വാഹനം നീക്കം ചെയ്യുന്നതിന് മുൻപ് മുഴുവൻ തുകയും ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാർ സ്ഥാപനത്തിലേക്ക് (കെ.എസ്.സി.സി) മുതൽ കൂട്ടുന്നതും വാഹനങ്ങൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും.

കാരണം കാണിക്കാതെ ലേലം ഏതു ഘട്ടത്തിലും നിർത്തിവയ്ക്കുന്നതിനും, റദ്ദാക്കുന്നതിനും സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

സെക്രട്ടറി

*Administrative Office*-Door No.30/1521-A, Bay Under the Bridge, Northern side of Railway, Ponnurunni, Vyttila 682 019, Tele Fax: 0484 2339953,0484 4037529 E-mail: info@kscc.in Website: www.kscc.in